സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഭർത്താവിനെ കഴുത്തുവരെ മണ്ണിൽ കുഴിച്ചിട്ടു; തലയിൽ ശിവപൂജ നടത്തി ഭാര്യ

ഭർത്താവിന്റെ ശരീരം കഴുത്ത് വരെ മണ്ണിനടിയിൽ കുഴിച്ചിട്ട്, തലയിൽ പൂവുമിട്ട് പാൽ അഭിഷേകം നടത്തി ഭാര്യ. സമൂഹമാധ്യമങ്ങളിൽ വൈറലായ വിഡിയോയുടെ ഉറവിടം ലഭ്യമല്ല. ഭർത്താവിന്റെ തലയെ ഒരു ശിവലിംഗം പോലെയാണ് ഭാര്യ പൂജിക്കുന്നത്. ശരീരം മുഴുവനും മണ്ണിൽ മൂടി തലയിൽ പൂവും പഴുമൊഴിച്ച് 'ഹർ ഹർ മഹാദേവ് ഹർ ഹർ മഹാദേവ്' എന്ന് ജപിക്കുന്ന ഭാര്യയെ വിഡിയോയിൽ കാണാം.

നിരവധി പേർ ഈ ചടങ്ങിനെതിരെ രംഗത്ത് വന്നു. ഭാര്യ ക്കും ഭർത്താവിനും വിവരമില്ലെന്നും ഇവർ ഏത് ലോകത്താണ് ജീവിക്കുന്നതെന്നും പലരും ചോദിക്കുന്നു. ഭർത്താവിന്റെ തല മാത്രമാണ് വെളിയിൽ കാണാൻ കഴിയുക. ഭാര്യ പൂവും പഴുവും ഒഴിക്കുമ്പോൾ ഭർത്താവ് ശാന്തനായി ഇരിക്കുന്നതും കാണാം.

www.swathanthramandapam.com വാല്യം: 60 ലക്കം: 279 2026 ഫെബ്രുവരി 19 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ഇന്ത്യയുടെ 'പിനാക' വാങ്ങാൻ ഫ്രാൻസ്; ആയുധ ഇടപാടിൽ കൊടുക്കൽ വാങ്ങൽ, ഇത് ചരിത്രം

ന്യൂഡൽഹി: ഇന്ത്യ–ഫ്രാൻസ് പ്രതിരോധ ബന്ധം പുതിയ തലങ്ങളിലേക്ക്. ഫ്രഞ്ച് പ്രതിരോധ കമ്പനിയായ ദസ്സോയിൽനിന്ന് ഇന്ത്യ 114 റഫാൽ വിമാനങ്ങൾ വാങ്ങാൻ തയ്യാറെടുക്കവേ ഇന്ത്യയിൽനിന്ന് ആയുധങ്ങൾ വാങ്ങാൻ ഫ്രാൻസും ഒരുങ്ങുന്നു. ഇന്ത്യ തദ്ദേശീയ സാങ്കേതികവിദ്യയിൽ വികസിപ്പിച്ചെടുത്ത 'പിനാക' മൾട്ടി–ബാരൽ റോക്കറ്റ് ലോഞ്ചർ സിസ്റ്റമാണ് ഫ്രാൻസിന്റെ പട്ടികയിൽ ഒന്നാമതുള്ളത്. ഇന്ത്യയിൽനിന്ന് ആയുധങ്ങൾ വാങ്ങുന്നതിനെ പറ്റി ഫ്രഞ്ച് മാധ്യമമായ 'ലെ മോണ്ടെ' ആണ് റിപ്പോർട്ട് ചെയ്തത്. ആയുധ ഇടപാടിൽ ഇന്ത്യയുമായി കൊടുക്കൽ വാങ്ങൽ തന്ത്രമാണ് ഫ്രാൻസ് പയറ്റാനൊരുങ്ങുന്നത്. പതിറ്റാണ്ടുകളായി ഫ്രഞ്ച് വിമാനങ്ങളുടെ വലിയൊരു ഉപഭോക്താവാണ് ഇന്ത്യ. എന്നാൽ, ഇന്ത്യയെ കേവലം ഒരു ഉപഭോക്താവായി മാത്രം കാണാതെ, തുല്യശക്തിയുള്ള ഒരു പ്രതിരോധ പങ്കാളിയായി ഫ്രാൻസ് അംഗീകരിക്കുന്നു എന്നതാണ് ഈ നീക്കത്തിന്റെ പ്രത്യേകത.

പിനാക റോക്കറ്റുകൾക്ക് പുറമെ ഇന്ത്യയുടെ പീരങ്കി സംവിധാനങ്ങൾ മിസൈലുകൾ, ഇലക്ട്രോണിക് വാർഫെയർ ഉപകരണങ്ങൾ എന്നിവയും ഫ്രാൻസ് നിരീക്ഷിച്ചു വരികയാണ്. ആഗോള വിതരണ ശൃംഖലകളിൽ വിശ്വാസയോഗ്യമായ പങ്കാളിയെ കണ്ടെത്തുക എന്ന ഫ്രാൻസിന്റെ താല്പര്യവും ഇതിനു പിന്നിലുണ്ട്. ഈ സഹകരണം വെറുമൊരു കച്ചവടത്തിനപ്പുറം ഇരുരാജ്യങ്ങളിലെയും സാങ്കേതിക വിദഗ്ധർക്കും എൻജിനീയർമാർക്കും പുതിയ തൊഴിലവസരങ്ങളും നൂതനമായ കണ്ടുപിടുത്തങ്ങൾക്കും വഴിയൊരുക്കുമെന്ന് കരുതപ്പെടുന്നു.

യുദ്ധസാഹചര്യങ്ങളിൽ പരീക്ഷിച്ച് വിജയിച്ച റോക്കറ്റ് സംവിധാനമാണ് പിനാക. കൃത്യത, അതിവേഗത്തിലുള്ള ഫയറിങ്, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള കഴിവ് എന്നിവക്ക് പേരു കേട്ടതാണ് പിനാക റോക്കറ്റ് സിസ്റ്റം. തങ്ങളുടെ കാലഹരണപ്പെട്ട റോക്കറ്റ് ലോഞ്ചർ സംവിധാനങ്ങൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായാണ് ഇന്ത്യയുടെ ഈ തദ്ദേശീയ സാങ്കേതികവിദ്യയെ ഗൗരവമായി പരിഗണിക്കുന്നത്.

ഇന്ത്യ അടുത്തിടെ ഗൈഡഡ് പിനാക റോക്കറ്റുകൾ വിജയകരമായി പരീക്ഷിച്ചിരുന്നു. ശത്രുലക്ഷ്യങ്ങളെ കൃത്യമായി തകർക്കാൻ സഹായിക്കുന്ന ഗൈഡഡ് മ്യൂണിഷനുകൾ ഉപയോഗിക്കാൻ പിനാകയ്ക്ക് ശേഷിയുണ്ട്. ഇതിലൂടെ ലക്ഷ്യസ്ഥാനങ്ങളിൽ വൻതോതിൽ പ്രഹരമേൽപ്പിക്കാൻ സാധിക്കും.

തുടർച്ചയായ നവീകരണങ്ങളിലൂടെ പിനാകയുടെ ദൂരപരിധി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ കയറ്റുമതിക്കായി തയ്യാറാക്കിയിട്ടുള്ള വകഭേദങ്ങൾക്ക് ഏകദേശം 90 മുതൽ 120 കിലോമീറ്റർ വരെ ദൂരപരിധിയുണ്ട്. ഇതിൽ ദൂരപരിധി കൂടിയ വകഭേദമാകും ഫ്രാൻസ് വാങ്ങുകയെന്നാണ് റിപ്പോർട്ട്. കൂടാതെ 300 മുതൽ 450 കിലോമീറ്റർ വരെ ദൂരപരിധിയുള്ള പിനാക റോക്കറ്റുകൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. ഇത് വരും വർഷങ്ങളിൽ സജ്ജമാകുമെന്നാണ് റിപ്പോർട്ടുകൾ.

ഫ്രാൻസിനെപ്പോലെ ആധുനികമായ ഒരു സൈന്യമുള്ള രാജ്യം ഇന്ത്യൻ നിർമ്മിത ഹാർഡ്‌വെയറുകൾക്കായി വാതിൽ തുറക്കുന്നത് ആഗോള വിപണിയിൽ ഇന്ത്യയുടെ വിശ്വാസ്യത വർദ്ധിപ്പിക്കും. വരും കാലങ്ങളിൽ കൂടുതൽ ഇന്ത്യൻ നിർമ്മിത ആയുധങ്ങൾ യൂറോപ്യൻ വിപണിയിലേക്ക് എത്തുന്നതിന് വഴിയൊരുക്കും. പ്രതിരോധ സാമഗ്രികൾ ഇറക്കുമതി ചെയ്യുന്ന രാജ്യം എന്ന നിലയിൽനിന്ന് ആഗോളതലത്തിൽ ആയുധങ്ങൾ കയറ്റുമതി ചെയ്യുന്ന ഒരു പ്രമുഖ ശക്തിയായി മാറാനുള്ള ഇന്ത്യയുടെ ശ്രമങ്ങൾക്ക് ഈ ഇടപാട് വലിയ കരുത്ത് പകരുകയും ചെയ്യും.

മാത്രമല്ല, വൻതുകയുടെ ആയുധ ഇടപാട് നടത്താനൊരുങ്ങുന്ന ഇന്ത്യയുമായുള്ള പ്രതിരോധ സഹകരണം ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുകയും അതുവഴി ആഗോള തലത്തിൽ ഇന്ത്യയുടെ താത്പര്യങ്ങൾക്ക് പിന്തുണ ലഭിക്കുന്നതിനും വഴിയൊരുങ്ങും.

ബാറുകളുടെ സമയമാറ്റം; സർക്കാർ ആശയവിനിമയം നടത്തിയില്ലെന്ന് വി.ഡി.സതീശൻ

തൃശൂർ: സംസ്ഥാനത്തെ ബാറുകളുടെ സമയമാറ്റത്തിൽ സർക്കാർ ആശയവിനിമയം നടത്തിയില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. ബാറുകാർ പറഞ്ഞിട്ടല്ല പ്രതിപക്ഷം കാര്യങ്ങൾ അറിയേണ്ടതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, വിഷയത്തിൽ യുഡിഎഫ് നിലപാട് വിശദമായി പഠിച്ച ശേഷം അറിയിക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 'സമയം നീട്ടണമെന്ന് ആവശ്യപ്പെട്ട് ഒരു കൊല്ലം മുൻപ് ബാറുടമകൾ പ്രതിപക്ഷത്തെ കണ്ടിരുന്നു. ബാറുകളുടെ സമയം ഏകീകരിക്കാൻ ശ്രമം നടക്കുന്നതായി യുഡിഎഫ് അറിഞ്ഞിരുന്നു. എന്നാൽ തിരഞ്ഞെടുപ്പിന്റെ തൊട്ടുമുൻപ് അത് വേഗത്തിൽ അനൗൺസ് ചെയ്യുമ്പോൾ അതിൽ ദുരൂഹതയുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. എൽഡിഎഫ് കൺവീനർ അറിയാത്ത കാര്യം എങ്ങനെപ്രതിപക്ഷം അറിഞ്ഞുവെന്നാണ് മന്ത്രി പറഞ്ഞതെന്നും സതീശൻ ചോദിക്കുന്നു. ഒരുതരത്തിലെ ആശയവിനിമയവും സർക്കാരിന്റെ ഭാഗത്ത് നിന്നുമുണ്ടായില്ല. ഞങ്ങളോട് പറയേണ്ടത് ബാറുകാരല്ലല്ലോ. വിഷയത്തിൽ പാർട്ടിയുടെ നിലപാട് വിശദമായി പരിശോധിച്ച ശേഷം പറയുമെന്നും' വി.ഡി.സതീശൻ വ്യക്തമാക്കി.

സംസ്ഥാനത്തെ ബാറുകളുടെ പ്രവർത്തന സമയം ദീർഘിപ്പിച്ചത് മന്ത്രിസഭായോഗത്തിൽ ചർച്ച ചെയ്യുകയോ ഇടതുമുന്നണി അറിയുകയോ ചെയ്തിരുന്നില്ലെന്ന് വാർത്തകൾ പുറത്തുവന്നിരുന്നു. അഞ്ചുവർഷത്തിനിടെ 11 തവണയാണ് പ്രവർത്തന സമയം വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ബാറുടമകൾ സർക്കാരിനെ സമീപിച്ചത്. തീരുമാനമെടുക്കാൻ വിസമ്മതിച്ച സർക്കാർ തിരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം ശേഷിക്കെ ഇത്തരമൊരു തീരുമാനമെടുത്തത് സാമ്പത്തിക ലക്ഷ്യം മുന്നിൽ കണ്ടിട്ടാണെന്നാണ് ആരോപണം.

ബാറുകളുടെ സമയം ദീർഘിപ്പിച്ചിട്ടില്ലെന്നും ഏകീകരിക്കുക മാത്രമാണ് ചെയ്തതെന്നുമായിരുന്നു എക്സൈസ് മന്ത്രി എം. ബി.രാജേഷിന്റെ പ്രതികരണം. ടൂറിസം കേന്ദ്രങ്ങളിൽ നേരത്തെ മുതലുള്ള സമയം ഏകീകരിക്കുകയാണ് ചെയ്തതെന്നായിരുന്നു മന്ത്രി വിശദീകരിച്ചത്. നിലവിൽ രാവിലെ 11 മുതൽ രാത്രി 11 വരെയാണ് ബാറുകൾ പ്രവർത്തിക്കുന്നത്. ഇത് രാവിലെ 10 മുതൽ രാത്രി 12 വരെയാക്കിയാണ് ദീർഘിപ്പിച്ചത്.

10,956 കോടിയുടെ ഐ.ടി ഓഹരി വിറ്റ് വിദേശികൾ

മുംബൈ: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആശങ്കകൾക്കിടെ ഇൻഫർമേഷൻ ടെക്നോളജി ഓഹരികളിൽനിന്ന് വൻതുകയുടെ നിക്ഷേപം പിൻവലിച്ച് വിദേശികൾ. ഫെ.ആദ്യ പകുതിയിൽ 10,956 കോടി രൂപയുടെ ഐ.ടി ഓഹരികളാണ് വിറ്റൊഴിവാക്കിയത്. ഈ വിൽപനയോടെ ഐ.ടി മേഖലയിൽ വിദേശികളുടെ മൊത്തം നിക്ഷേപം 4.49 ലക്ഷം കോടി രൂപയായി കുറഞ്ഞു. 4വർഷത്തെ ഏറ്റവും കുറഞ്ഞ നിക്ഷേപമാണിത്. ജനുവരി അവസാനം 5.34 ലക്ഷം കോടി രൂപയായിരുന്നു മൊത്തം നിക്ഷേപം. ഇതിൽ 16 ശതമാനത്തിന്റെ ഇടിവാണുണ്ടായതെന്ന് എൻ.എസ്.ഡി.എൽ ഡാറ്റ പറയുന്നു. കഴിഞ്ഞ വർഷം ജനുവരി മുതൽ വിദേശികൾ ഐ.ടി ഓഹരികൾ വിൽക്കുന്നുണ്ട്.

ഇറാനെതിരെ വൻ സൈനിക വിന്യാസവുമായി അമേരിക്ക

റംസാൻ കാലത്തുതന്നെ ആക്രമണം?

ടെഹ്റാൻ: ഇറാനെ ആക്രമിക്കാൻ അമേരിക്കൻ സൈന്യം എല്ലാതയ്യാറെടുപ്പുകളും പൂർത്തിയാക്കിയതായി റിപ്പോർട്ട്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ അനുമതി കിട്ടിയാൽ ആ നിമിഷം ആക്രമണം തുടങ്ങാനാണ് സൈന്യത്തിന്റെ പദ്ധതി. എന്നാൽ ട്രംപ് എപ്പോൾ അനുമതി നൽകുമെന്ന് വ്യക്തമല്ല. റംസാൻ കാലത്തുതന്നെ ആക്രമണമുണ്ടായേക്കുമെന്നാണ് ചില റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. എപ്പോൾവേണമെങ്കിലും ആക്രമണത്തിന് തയ്യാറാണെന്ന് സൈന്യം വൈറ്റ് ഹൗസിനെ അറിയിച്ചിട്ടുണ്ട്.

പശ്ചിമേഷ്യയിൽ ഇതുവരെ ഉണ്ടാകാത്തതരത്തിലുള്ള വലിയ സൈനിക വിന്യാസമാണ് അമേരിക്ക നടത്തിയിരിക്കുന്നത്. അത്യാധുനിക ഫൈറ്റർ ജെറ്റുകൾ, യുദ്ധക്കപ്പലുകൾ, ഇന്ധന ടാങ്കറുകളായി പ്രവർത്തിക്കുന്ന വിമാനങ്ങൾ എന്നിവയെല്ലാം ഇക്കൂട്ടത്തിൽ പെടും.ഡസൻ കണക്കിന് യുദ്ധവിമാനങ്ങൾ വഹിക്കുകയും ആയിരക്കണക്കിന് നാവികർ ഉള്ളതുമായ 2വിമാനവാഹിനി കപ്പലുകളാണ് പശ്ചിമേഷ്യയിൽ ഉള്ളത്. ട്രംപിന്റെ ഉത്തരവ് പ്രകാരം ലോകത്തിലെ ഏറ്റവും വലിയ വിമാനവാഹിനിക്കപ്പലായ യുഎസ് എസ് ജെറാൾഡ് ആർ ഫോർഡ് പശ്ചിമേഷ്യയിലേക്ക് തിരിച്ചിട്ടുണ്ടെന്നും റിപ്പോർട്ടുണ്ട്. വലിയൊരു യുദ്ധമാകും ഇറാനെതിരെ ഉണ്ടാവുക എന്നതിന്റെ വ്യക്തമായ തെളിവാണിതെന്നാണ് അന്താരാഷ്ട്ര നിരീക്ഷകരുടെ വിലയിരുത്തൽ.

എന്നാൽ, യുദ്ധമുണ്ടാവില്ലെന്നും ജനീവയിൽ പുരോഗമിക്കുന്ന ആണവ ചർച്ചയിൽ ഇറാനുമേൽ സമ്മർദം ചെലുത്താനാണ് വൻ സൈനിക വിന്യാസം എന്നും നിരീക്ഷകരിൽ ചിലർ വ്യക്തമാക്കുന്നുണ്ട്. ചർച്ചകൾ നടക്കുന്നുണ്ടെന്നും ഇറാൻ കരാറിന് തയ്യാറായില്ലെങ്കിൽ പ്രത്യാഘാതം ഗുരുതരമായിരിക്കുമെന്നും ട്രംപ് കഴിഞ്ഞദിവസം പറഞ്ഞിരുന്നു. മനോഹരമായ ഒരു നാവിക വ്യൂഹം ഇറാനെ ലക്ഷ്യമിട്ട് നീങ്ങിക്കൊണ്ടിരിക്കുയാണെന്നും അദ്ദേഹം പറഞ്ഞിരുന്നു. അമേരിക്കയുടെ കപ്പലുകൾ തങ്ങൾ മുക്കുമെന്നായിരുന്നു ട്രംപിന്റെ ഭീഷണിക്ക് ഇറാൻ മറുപടി നൽകിയത്. മാത്രമല്ല അമേരിക്കയ്ക്ക് മറുപടിയെന്നോണം ഹോർമുസ് കടലിടുക്കിൽ ഇറാൻ നാവികാഭ്യാസവും നടത്തിയിട്ടുണ്ട്.

അമേരിക്കയുടെയും പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെയും കുടത്ത ഭീഷണികൾ നിലനിൽക്കുന്നതിനിടെ ഒമാൻ കടലിൽ ഇന്ന് ഇറാനും റഷ്യയും സംയുക്ത നാവിക അഭ്യാസങ്ങൾ നടത്തുന്നു. ജനീവയിൽ ഇറാനും അമേരിക്കയും തമ്മിൽ നടന്ന രണ്ടാംഘട്ട ചർച്ചയിലും കാര്യമായ പുരോഗതി ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽകൂടിയാണ് ഈ നീക്കം. മേഖലയിൽ വിന്യസിച്ചിരിക്കുന്ന യുഎസ് നാവിക സേനയ്ക്ക് വെല്ലുവിളി സൃഷ്ടിച്ച് ഹോർമുസ് കടലിടുക്കിൽ ഇറാൻ സൈന്യം കഴിഞ്ഞ ദിവസം അഭ്യാസങ്ങൾ നടത്തിയിരുന്നു. ഇതിന് പിന്നാലെയാണ് ഇറാനും റഷ്യയും സംയുക്ത നാവിക അഭ്യാസം ഒമാൻ കടലിലും ഇന്ത്യൻ മഹാസമുദ്രത്തിലുമായി നടക്കാൻ പോകുന്നത്.

കടൽ സുരക്ഷ ശക്തിപ്പെടുത്തുക, ഇരു രാജ്യങ്ങളുടെയും നാവിക സേനകൾ തമ്മിലുള്ള ബന്ധം ദൃഢമാക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യമെന്ന് സംയുക്ത നാവികാഭ്യാസത്തിന്റെ വക്താവ് റിയർ അഡ്മിറൽ ഹസ്സൻ മഗ്സൂദ്‌ലൂ പറഞ്ഞു.

'തീർച്ചയായും, ഒരു വിമാനവാഹിനിക്കപ്പൽ അപകടകരമായ യന്ത്രമാണ്, എന്നാൽ അതിനേക്കാൾ അപകടകരമായത് കടലിലേക്ക് അതിനെ അയക്കാൻ കഴിവുള്ള ആയുധമാണ്' ഖമീനി പറഞ്ഞു.

'ഞാൻ ഈ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കില്ല' പ്രഖ്യാപിച്ച് കെ.ബാബു

കൊച്ചി: ഇത്തവണ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാനില്ലെന്ന് അറിയിച്ച് തൃപ്പൂണിത്തുറ എംഎൽഎയും കോൺഗ്രസ് നേതാവുമായ കെ.ബാബു. കോൺഗ്രസ് നേതാക്കൾക്കൊപ്പം വാർത്താസമ്മേളനം നടത്തിയാണ് ബാബു ഇക്കാര്യം പ്രഖ്യാപിച്ചത്. മത്സരിക്കണമെന്ന് കോൺഗ്രസിന്റെ എല്ലാ നേതാക്കളും ആവശ്യപ്പെട്ടിരുന്നുവെന്നും എന്നാൽ മത്സരത്തിനില്ലെന്നും ബാബു പറഞ്ഞു.

1991 മുതൽ തൃപ്പൂണിത്തുറയിൽ നിന്ന് തുടർച്ചയായി 5തവണ തിരഞ്ഞെടുക്കപ്പെട്ട ബാബു 2016–ൽ സിപിഎമ്മിലെ എം. സ്വരാജിനോട് മത്സരിച്ച് പരാജയപ്പെട്ടു. 2021–ലെ തിരഞ്ഞെടുപ്പിൽ എം. സ്വരാജിനെ പരാജയപ്പെടുത്തി വീണ്ടും എംഎൽഎയായി. 7 തവണ തൃപ്പൂണിത്തുറയിൽ മത്സരിച്ച ബാബു ആറ് തവണ വിജയിച്ചിട്ടുണ്ട്.

1991–ലെ തിരഞ്ഞെടുപ്പിൽ സിപിഎമ്മിന്റെ മുതിർന്ന നേതാവ് എം.എം. ലോറൻസിനെ 4946 വോട്ടുകൾക്കാണ് പരാജയപ്പെടുത്തി ആദ്യമായി എംഎൽഎയായത്. പിന്നീട് തൃപ്പൂണിത്തുറയിൽ 1996–ൽ സിപിഎമ്മിലെ ഗോപി കോട്ടമുറിക്കലിനെ 14,773 വോട്ടുകൾക്കും 2001–ൽ കെ. ചന്ദ്രൻ പിള്ളയെ 24,296 വോട്ടുകൾക്കും 2006–ൽ കെ.എൻ. രവീന്ദ്രനാഥിനെ 7,342 വോട്ടുകൾക്കും 2011–ൽ സി. എം. ദിനേശ്മണിയെ 15,778 വോട്ടുകൾക്കും പരാജയപ്പെടുത്തി.

2016–ൽ ബാർകോഴ ആരോപണത്തിന് പിന്നാലെ എം. സ്വരാജിനോട് മത്സരിച്ച് പരാജയപ്പെട്ടു. 2021–ലെ തിരഞ്ഞെടുപ്പിൽ എം. സ്വരാജിനെ പരാജയപ്പെടുത്തി വീണ്ടും എംഎൽഎയായി. ഉമ്മൻചാണ്ടി മന്ത്രിസഭയിൽ എക്സൈസ്–തുറമുഖ–ഫിഷറീസ് മന്ത്രിയുമായിരുന്നു കെ. ബാബു. വിദ്യാർഥിരാഷ്ട്രീയത്തിലൂടെ പൊതുപ്രവർത്തന രംഗത്തുവന്ന കെ. ബാബു അങ്കമാലി നഗരസഭയുടെ ആദ്യ ചെയർമാനാണ്. 1979–80 ലായിരുന്നു അത്. ഏറ്റവും പ്രായം കുറഞ്ഞ നഗരസഭാ ചെയർമാനായിരുന്നു.

മൃതദേഹം കണ്ടെത്തി

ഇരിങ്ങാലക്കുട :എടക്കുളത്ത് നിന്നും മൂന്നു ദിവസം മുൻപ് കാണാതായ പാഴാട്ട് ഹരിദാസന്റെ മൃതദേഹം കണ്ടെത്തി. ഇരിങ്ങാലക്കുട മുനിസിപ്പൽ ഓഫീസിന് സമീപം ആളൊഴിഞ്ഞ പറമ്പിലെ കിണറ്റിലാണ് മൃതദേഹം കണ്ടെത്തിയത്.

കോടതി പരസ്യം

ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 264/2026

ശ്രീശൈലം ഫിനാൻസ് കൊക്കാലെ, തൃശൂർ

–അന്യായം

തൃശൂർ താലൂക്ക് അടാട്ട് വില്ലേജ് ടി ദേശത്ത് കൊല്ലാറ ജയൻ ഭാര്യ അനിത

–1–ാം പ്രതി

മേൽ നമ്പറിലെ 1–ാം പ്രതിക്കുള്ള സമൻസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് 13–03–2026 തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 19–02–2026

അന്യായഭാഗം അഡ്വക്കേറ്റ്

കെ ബി രണേന്ദ്രനാഥൻ

(ഒപ്പ്)

സ്വർണ്ണവില കുതിച്ചുയരുന്നു

തൃശ്ശൂർ:സംസ്ഥാനത്ത് സ്വർണവില വീണ്ടും കുതിച്ചുയരുന്നു. ഗ്രാമിന് 210 രൂപയുടെ വർധനവാണ് ഇന്ന് ഉണ്ടായത്. ഒരു ഗ്രാം സ്വർണത്തിന്റെ വില 14,345 രൂപയായാണ് വർദ്ധിച്ചത്. പവന്റെ വിലയിൽ 1680 രൂപയുടെ വർദ്ധനയുണ്ടായി. 1,14,760 രൂപയായാണ് പവന്റെ വില വർദ്ധിച്ചത്.

VEHICLE FOR SALE

SHRIRAM FINANCE LTD.

1st Floor, Gopikhas, Arcade,
Near Govt. Hospital, Mukarikunnu,
PAZHAYANNUR ROAD, CHELAKKARA
THRISSUR-680586

Vehicle No	Vehicle Description	Year of manufacturing
KL48 E-5776	SWIFT VDI DIESEL 5 SEATER	2013 MODEL

കെടിഡിസി ചെയർമാൻ സ്ഥാനത്ത് നിന്ന് പി.കെ.ശശി രാജിവെച്ചു, പാർട്ടി വിടുമെന്ന് അഭ്യൂഹങ്ങൾ

തിരു : സിപിഎമ്മുമായി അകന്നതിന് പിന്നാലെ കെടിഡിസി ചെയർമാൻ സ്ഥാനത്ത് നിന്ന് പി.കെ.ശശി രാജിവെച്ചു. ഷൊർണ്ണൂർ മുൻ എംഎൽഎ ആയിരുന്ന ശശിയെ സിപിഎം ജില്ലാ കമ്മിറ്റിയിൽനിന്ന് ബ്രാഞ്ചിലേക്ക് തരംതാഴ്ത്തിയിരുന്നു.

മണ്ണാർക്കാട്ടെ പാർട്ടി നിയന്ത്രണത്തിലുള്ള സഹകരണ കോളേജിന്റെ പ്രവർത്തനങ്ങളിലും ഇതിലേക്ക് പാർട്ടി നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിൽനിന്ന് ഫണ്ട് സ്വീകരിച്ചതിലും ക്രമക്കേടുണ്ടായെന്നുള്ള ആരോപണങ്ങളുടക്കം ഉയർന്നതിനെ തുടർന്നായിരുന്നു പാർട്ടി നടപടി. കഴിഞ്ഞ കുറച്ചുനാളുകളായി പാർട്ടി നേതൃത്വവുമായി അകന്ന് നിന്ന ശശി എം.വി.ഗോവിന്ദന്റെ നേതൃത്വത്തിലുള്ള എൽഡിഎഫ് ജാഥയിലും പങ്കെടുത്തിരുന്നില്ല. യുഡിഎഫിലേക്ക് പോകുമെന്ന അഭ്യൂഹങ്ങൾക്കിടെയാണ് ശശി കെടിഡിസി ചെയർമാൻ സ്ഥാനത്ത് നിന്ന് രാജിവെച്ചത്.

ആരോഗ്യപ്രശ്നങ്ങളാലാണ് എൽഡിഎഫ് ജാഥയിൽ നിന്ന് വിട്ടുനിൽക്കുന്നത് എന്നാണ് ശശി പറഞ്ഞിരുന്നത്. എന്നാൽ നേതൃത്വത്തോടുള്ള അതൃപ്തിയാണ് കാരണമെന്നാണ് വിലയിരുത്തൽ. യാത്രയിൽ പങ്കെടുക്കാൻ നേതൃത്വം ആവശ്യപ്പെട്ടെങ്കിലും ശശി മറുപടി നൽകിയിരുന്നില്ല. ഒറ്റപ്പാലത്ത് യുഡിഎഫ് സ്വതന്ത്ര സ്ഥാനാർഥിയായി ശശി എത്തുമെന്നും അഭ്യൂഹങ്ങളുണ്ട്. പ്രതിപക്ഷ നേതാവ് വി.ഡി.സതീശന്റെ നവയുഗയാത്ര പാലക്കാട് എത്തുമ്പോൾ ശശി 'വിസ്മയം' തീർക്കുമെന്ന പ്രതീക്ഷിച്ചിരുന്നെങ്കിലും അതുണ്ടായിട്ടില്ല. ഇതിനിടെ കെടിഡിസി ചെയർമാൻ സ്ഥാനത്ത് നിന്ന് ശശിയെ പുറത്താക്കാൻ സിപിഎമ്മും നീക്കം തുടങ്ങിയിരുന്നു. ഇതിനിടെയാണ് രാജി.

മിന്നൽ നീക്കവുമായി സ്റ്റാലിൻ ഡി.എം.ഡി.കെ ഡി.എം.കെ മുന്നണിയിൽ

ചെന്നൈ: തമിഴ്നാട്ടിൽ അടുത്ത വർഷം തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ മിന്നൽ നീക്കവുമായി മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ. വിജയ്കാന്ത് രൂപീകരിച്ച ഡി.എം.ഡി.കെ പാർട്ടിയെ മുന്നണിയിലെത്തിച്ചാണ് സ്റ്റാലിൻ അപ്രതീക്ഷിത നീക്കം നടത്തിയത്. വിജയകാന്തിന്റെ ഭാര്യ പ്രേമലത ഡി.എം.കെ ഓഫീസിലെത്തി സ്റ്റാലിനുമായി കൂടിക്കാഴ്ച നടത്തി. ഡി.എം.ഡി.കെ എൻ.ഡി. എയിൽ ചേരുമെന്ന് അഭ്യൂഹങ്ങളുണ്ടായിരുന്നുവെങ്കിലും ഒടുവിൽ അവർ ഡി.എം. കെ പാളയത്തിൽ എത്തുകയായിരുന്നു.

അടുത്തമാസം ആറ് രാജ്യസഭ സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. ഇതിലൊരു സീറ്റ് സ്റ്റാലിൻ ഡി.എം.ഡി.കെക്ക് നൽകുമെന്നാണ് റിപ്പോർട്ട്.

നിയമസഭ തെരഞ്ഞെടുപ്പിൽ എത്ര സീറ്റുകൾ സ്റ്റാലിൻ പാർട്ടിക്ക് നൽകുമെന്ന് വ്യക്തമല്ല. തമിഴ്നാട്ടിലെ മധ്യ–വടക്കൻ ജില്ലകളിൽ ഡി.എം.ഡി. കെക്ക് ഗണ്യമായ സ്വാധീനമുണ്ട്.

ഇതിനൊപ്പം ഡി.എം. ഡി. കെ നേതാവ് വിജയകാന്തിനോട് പൊതുജനങ്ങൾക്ക് ബഹുമാനവും ആരാധനയുമുണ്ട്. ഇതെല്ലാം വോട്ടാക്കാമെന്നാണ് ഡി.എം.കെ കണക്കുകൂട്ടുന്നത്. ഇതിനൊപ്പം പ്രതിപക്ഷ ഐക്യമെന്ന നീക്കം പൊളിക്കാനും സ്റ്റാലിന് സാധിച്ചു. മുൻ ഭരണകാലത്ത് നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസ പരിഷ്കാരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഡിഎംകെ സർക്കാർ വോട്ട് തേടുന്നത്

kerala
God's Own Country
KSTP
കേരള സർക്കാർ
പൊതുമരാമത്ത് വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
വികസനവേഗ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കേരളത്തിൽ നിന്ന് ഹിന്ദി ആൽബം

തൃശൂർ: കേരളത്തിൽ നിന്നും ആദ്യമായി ഹിന്ദി ഗസൽ ആൽബം പുറത്തിറങ്ങി. തേരി യാദ് മേ- എന്ന ഹിന്ദി ഗസൽ ഉത്തരേന്ത്യൻ ഗസലുകളുടെ തനിമ നിലനിർത്തിയുള്ളതാണ്. മൂന്ന് മലയാളികളുടെ കൂട്ടായ്മയിലാണ് ഗസൽ രൂപപ്പെട്ടത് എന്നതാണ് പ്രത്യേകത. കേരളത്തിൽ ആദ്യ സംരംഭമാണിത്. രചന മോഹൻ പൊക്കുന്ന് ആലാപനം - പിന്നണി ഗായകൻ പ്രദീപ് സോമസുന്ദരൻ. സംഗീത സംവിധാനം ജോസ് കടവിൽ. അഭിനയം: ഡോ: രഞ്ജിത ഉമേഷ്

നിസരി -തൃശൂരിൽ യുവജനോത്സവം

തൃശൂർ: സാംസ്കാരിക തലസ്ഥാന നഗരിയിലെ 10 വേദികളിലായി ഒരു സംസ്ഥാന തല യുവജന കലോത്സവം (നിസരി) നിക്കൂടി അരങ്ങേറുന്നു. സർവകലാശാലകൾ, കോളേജ് -ഹൈസ്കൂൾതലങ്ങളിലെ നാഷണൽ സർവീസ് സ്കീം പ്രതിഭകളാണ് യുവതയുടെ സാംസ്കാരിക നിറവ് ഉയർത്തുന്നത്. പ്രധാന വേദി ടൗൺ ഹാൾ . മറ്റ് അക്കാദമികൾ, എഞ്ചിനിയറിംഗ് കോളേജ്, എം.ടി.ഐ.ജവഹർ ബാലഭവൻ, കോളേജുകൾ, ഇൻഡോർ സ്റ്റേഡിയം തുടങ്ങിയവയാണ് മറ്റ് വേദികൾ തൃശൂർ പൂരത്തിന്റെ മുന്നോടിയായ യുവകലാപരമായിരിക്കും നിസരിയെന്ന്,മന്ത്രി ഡോ.ആർ.ബിന്ദു വാർത്താ സമ്മേളനത്തിലറിയിച്ചു.

പ്രദർശന സ്റ്റാളുകൾ, ലഹരി വിരുദ്ധാശയ പ്രചാരണം, തുങ്ങിയവയും നടക്കും. പയ്യന്നൂർ കോളേജിലെ എൻ. എസ്.എ.സ്. വളണ്ടിയർ കെ. വി. ദേവാംഗ് തയ്യാറാക്കിയ കലോത്സവ ലോഗോ പ്രകാശനവും നടന്നു. കലോത്സവത്തിൽ ഓവറോൾ ജേതാക്കൾക്ക് ആർ.എൻ. അൻസർ സ്മാരക എവർ റോളിങ്ങ് ട്രോഫി സമ്മാനിക്കും.

തൃശൂരിൽ ദക്ഷിണേന്ത്യൻ കാർഷിക മേള

തൃശൂർ: സ്മാർട്ട് കൃഷി - എന്ന ദക്ഷിണ മേഖല കാർഷിക മേള 18 മുതൽ 22 വരെ വരെ കേരള കാർഷികസർവകലാശാല വെള്ളാനിക്കര മുഖ്യകാമ്പസിൽ നടക്കും. കേന്ദ്ര കൃഷിമന്ത്രാലയം - കേരള സർക്കാർ സംയുക്താഭിമുഖ്യത്തിലാണ് മേള സംഘാടനം. ദേശിയ തലത്തിലുള്ള കാർഷിക സർവകലാശാലകൾ, ഐ.സി.എ.ആർ. ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന കൃഷി വകുപ്പ് ഉൾപ്പെടെ പങ്കെടുക്കും. കാർഷിക രംഗത്തെ നേട്ടങ്ങളും, സാങ്കേതിക വിദ്യയുടെ പങ്കാളിത്തവുംഅടുത്തറിയാൻ മേള ഉപകരിക്കുമെന്ന്, കാർഷിക സർവകലാശാല രജിസ്ട്രാർ കെ. സക്കീർ ഹുസൈൻ വാർത്താ സമ്മേളനത്തിലറിയിച്ചു. വിജ്ഞാന വ്യാപന കേന്ദ്രം മേധാവി ഡോ: ലീന പി. സോണ, പി ആർ.ഒ. സുജ ഒ ആർ. പങ്കെടുത്തു.

19ന് 12.30 ന് മന്ത്രി കെ. രാജൻ മേളയുടെ ഉൽഘാടനം നിർവഹിക്കും. സെമിനാറുകളിൽ മുഖ്യ കാർഷിക ശാസ്ത്രജ്ഞർ പങ്കെടുക്കും.പ്രദർശനം, മത്സരം കലാപരിപാടികൾ നടക്കും.

ഉത്രാളിക്കാവ് പൂരം; 24ന് പ്രാദേശിക അവധി

തൃശ്ശൂർ: വടക്കാഞ്ചേരി ഉത്രാളിക്കാവ് പൂരത്തോടനുബന്ധിച്ച് ഫെബ്രുവരി 24ന് പ്രാദേശിക അവധി. വടക്കാഞ്ചേരി ശ്രീ രുധിരമഹാകാളികാവ് പൂരം (ഉത്രാളിക്കാവ് പൂരം) ആഘോഷിക്കുന്ന ഫെബ്രുവരി 24 ചൊവ്വാഴ്ച വടക്കാഞ്ചേരി നഗരസഭാപരിധിയിൽ സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും കൂടാതെ, തലപ്പിള്ളി താലൂക്കിൽപ്പെടുന്ന എങ്കക്കാട് ഗ്രൂപ്പ് വില്ലേജ് ഓഫീസിനും അവധി പ്രഖ്യാപിച്ചുകൊണ്ട് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഉത്തരവിറക്കി. മുൻനിശ്ചയപ്രകാരമുള്ള പരീക്ഷകൾക്കും കേന്ദ്ര-സംസ്ഥാന, അർദ്ധസർക്കാർ സ്ഥാപനങ്ങളിലേക്ക് നിയമനത്തിനായി നടത്തുന്ന പരീക്ഷകൾക്കും അവധി ബാധകമല്ല.

മഹാത്മ ഗാന്ധിയുടെ ആലേഖനം ചെയ്ത ചിത്രം പുതുയുഗ സമരനായകന് സമർപ്പിച്ചു

കുന്നംകുളം: അധികാരമുഷ്ടിയുടെ അമിതാഭിലാഷങ്ങൾ രാജ്യങ്ങളെ പോലും ചിന്നഭിന്നമാക്കുന്ന ഈ സമകാലിക സാഹചര്യത്തിൽ, ലോകത്തിന് സമാധാനത്തിന്റെയും സഹജീവിതത്തിന്റെയും മാതൃകയായി നിലകൊള്ളുന്ന മഹാത്മ ഗാന്ധിയുടെ ജീവിത സന്ദേശം പുതുതലമുറയ്ക്ക് ഓർമ്മിപ്പിക്കുന്ന പ്രതീകമായി, യു.ഡി.എഫ്.കുന്നംകുളത്ത് സംഘടിപ്പിച്ച പുതുയുഗ യാത്ര. സംഗമ വേദിയിൽ പ്രതിപക്ഷ നേതാവ് വി.ഡി.സതീശന് ഗാന്ധിജിയുടെ ആലേഖനം ചെയ്ത ചിത്രം മുസ്ലീം ലീഗ് ദേശീയ സമിതി അംഗം കരീം പന്നിത്തടം സമർപ്പിച്ചു.

ചെറുതൃക്ക് മഹാവിഷ്ണു ക്ഷേത്രത്തിലെ ഉത്സവം കൊടിയേറി

ഇരിങ്ങാലക്കുട: കിഴുത്താണി ചെറുതൃക്ക് മഹാവിഷ്ണു ക്ഷേത്രത്തിലെ ഉത്സവം ഇന്നലെ രാത്രി നടന്ന കൊടികയറ്റത്തോടെ ആരംഭിച്ചു. തുടർന്ന് ഡോ : വിനീതജയകൃഷ്ണന്റെ ആദ്ധ്യാത്മിക പ്രഭാഷണം നടന്നു തുടർന്ന് ഓട്ടൻതുള്ളലിൽ വേൾഡ് ഫെയിം ആയിട്ടുള്ള മുരിയാട് മുരളീധരന്റെ ഓട്ടംതുള്ളൽ നടന്നു ഇന്ന് വൈകീട്ട് 6.30ന് തിരുവാതിര കളി ബുധനാഴ്ച വൈകീട്ട് 6-15 മുതൽ പെരിങ്ങോട്ടുകര ആവണേങ്ങാട്ടിൽ കളരിയുടെ സർവ്വ ദോഭദ്രം കലാക്ഷേത്രം അവതരിപ്പിക്കുന്ന ഉത്തരാസ്വയംവരം കഥകളി വ്യാഴാഴ്ച വൈകീട്ട് 6 30 ന് ഗാനമേള പള്ളിവേട്ട ദിവസമായ വെള്ളിയാഴ്ച ഉച്ച കഴിഞ്ഞ് 4ന് നടക്കുന്ന ശീവേലിക്ക് ചെറുശ്ശേരി കുട്ടൻ മാരാരുടെ പഞ്ചാരിമേളം, വർണ്ണ മഴ, തായമ്പക പഞ്ചവാദ്യം പാണ്ടിമേളം അകത്തേക്ക് എഴുന്നള്ളിപ്പ് ശനിയാഴ്ച രാവിലെ 7 - ന് ആറാട്ട് ബലി ആറാട്ട് എഴുന്നള്ളിപ്പ് ആറാട്ട് എന്നിവനടക്കും

ഭരണഘടന ഭരണാധികാരികൾ ഭയക്കുന്നു

കോലഴി : ലോക രാഷ്ട്രങ്ങൾക്ക് മാതൃകയായ ഇന്ത്യൻ ഭരണഘടനയെ രാജ്യം ഭരിക്കുന്ന ഭരണാധികാരികൾ മറക്കുകയും ഭയക്കുകയും ചെയ്യുന്ന കാല ഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത് എന്ന് കേരളയൂത്ത് ക്ലബ് അസ്സോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് ബിജു ആട്ടോർ അഭിപ്രായപ്പെട്ടു. ആട്ടോർ അയ്യപ്പൻ നാടൻ കലാസമിതിക്ക് ലഭിച്ച കഥകളും കവിതകളും ലേഖനങ്ങളും അടങ്ങിയ പുസ്തക ശേഖരം സ്കൂളിലെ ലൈബ്രറിയിലേക്ക് വിതരണം ചെയ്യുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു. അദ്ദേഹം കലാസമിതി പ്രോഗ്രാം ജനറൽ കൺവീനർ എം എൻ പരമേശ്വരൻ അധ്യക്ഷത വഹിച്ചു. ഭരണഘടനയുടെ ആമുഖം കുട്ടികൾ വായിച്ചും ടി കോപ്പികൾ വിവരണം നടത്തിയും ആണ് പരിപാടി ആരംഭിച്ചത് ഹരിത ടീച്ചർ, സ്നേഹ ടീച്ചർ, സ്മിജ ടീച്ചർ എന്നിവർ പങ്കെടുത്തു.

അഖിൽ മാരാർ ട്വന്റി20-യിൽ ചേരും; കൊട്ടാരക്കരയിൽ എൻഡിഎ സ്ഥാനാർഥിയാകാൻ നീക്കം

കൊച്ചി: ബിഗ് ബോസ് താരമായിരുന്ന അഖിൽ മാരാർ എൻഡിഎ ഘടകകക്ഷിയായ ട്വന്റി20-യിൽ ചേരും. വൈകീട്ട് മൂന്ന് മണിക്ക് ട്വന്റി20 നേതാവ് സാബു ജേക്കബ് വാർത്താസമ്മേളനം വിളിച്ചിട്ടുണ്ട്. വാർത്താസമ്മേളനത്തിൽ ഇക്കാര്യം പ്രഖ്യാപിച്ചേക്കും.

അഖിൽ മാരാർ കൊട്ടാരക്കരയിൽ എൻഡിഎ സ്ഥാനാർഥിയാകുമെന്നാണ് സൂചന. ബിജെപി നടത്തിയ സർവേയുടെ പശ്ചാത്തലത്തിൽകൂടിയാണ് അഖിൽ മാരാരെ മുന്നണിയിലെത്തിച്ചിരിക്കുന്നതെന്നാണ് വിവരം. ബിജെപിയിൽ ചേരാൻ താത്പര്യം പ്രകടിപ്പിക്കാത്തതിനെ തുടർന്നാണ് അഖിൽ മാരാരെ ട്വന്റി20-യിൽ എത്തിച്ച് മത്സരിപ്പിക്കാനുള്ള നീക്കം.

ശിവരാത്രി ദിവസം സന്ധ്യക്ക് തൃശൂർ വടക്കുന്നാഥൻക്ഷേത്രത്തിലെ നൃത്ത മണ്ഡപത്തിൽ 42- ാം വർഷവും ഓട്ടൻതുള്ളൽ അവതരിപ്പിച്ച ആചാര്യൻ മുരിയാട് മുരളീധരനെ ക്ഷേത്ര ഉപദേശക സമിതി ഭാരവാഹികൾ ആദരിച്ചപ്പോൾ. ശ്രീ ശ്രീ ശിവപരമാത്മാ ചരിതം കഥയാണ് അവതരിപ്പിച്ചത്.

COURT NOTICE

BEFORE THE HONOURABLE MACT COURT, IRINJALAKKUDA

OP (MV) 1364/2021

EVIN P J -Petitioner

OP (MV) 1365/2021

AMAL JOSHY -Petitioner

1) Rijo John, S/o John, Vettukattil House, P O Puthur, Pound Road, Thrissur-680014

2) Sidharthan, aged 32 years, S/o. Ayyappan, Kakkanadan House, Asarikkad PO, Thrissur-680014

-Respondents No. 1, 2

The afforesaid respondents take notice, the above petitions are posted for appearance on **19-03-2026** at 11.00 am before this Tribunal, you are hear by orderd to appear either in person or through pleader or someone authorised by law to appear on behalf of you, to answer the said petition and to submit objections if any, failing which the said petition will be heared and decided ex-parte.

Date: 18/02/2026

P K JOHN, (Sd/-) Advocate, Thrissur-3

ഓടുന്ന വാഹനങ്ങളുടെ ഡോർ വലിച്ചു തുറക്കും, ബൈക്കുമായി നടുറോഡിൽ അഭ്യാസം, പ്രതിയെ പൊക്കി പോലീസ്

ഡൽഹി: ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടെ ഡോർ തുറക്കുന്ന ബൈക്ക് യാത്രികനായ യുവാവിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ കഴിഞ്ഞ ദിവസങ്ങളിൽ വൈറലായിരുന്നു. ദൃശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതോടെ ഇയാളെ തിരഞ്ഞുപിടിച്ച് അറസ്റ്റുചെയ്തിരിക്കുകയാണ് ഡൽഹി പോലീസ്.

മറ്റുള്ളവരുടെ സുരക്ഷ അപകടത്തിലാക്കിയതിന് മോട്ടോർ വാഹന നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം ഇയാൾക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും പോലീസ് സാമൂഹിക മാധ്യമങ്ങളിലൂടെ അറിയിച്ചു. അറസ്റ്റിലായ പ്രതിയുടെ വീഡിയോയും പോലീസ് പങ്കുവെച്ചു.വൈറലായ വീഡിയോ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, ന്യൂ ഉസ്മാൻപുർ പോലീസ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ വീഡിയോയ്ക്കൊപ്പം കുറിച്ചു.

സോഷ്യൽ മീഡിയ കണ്ടന്റ് സൃഷ്ടിക്കുന്നതിനായിട്ടായിരുന്നു നടുറോഡിൽ അപകടകരമാംവിധം യുവാവിന്റെ അഭ്യാസം. ഓടുന്ന ബസിന്റെ ഡ്രൈവർ സീറ്റിന്റെ ഭാഗത്തുള്ള ഡോറുകൾ ബൈക്കിലെത്തിയ യുവാവ് വലിച്ചുതുറക്കുന്നത് ഡൽഹി പോലീസ് പങ്കുവെച്ച വീഡിയോയിൽ കാണാം. ബസിന് മുന്നിൽ ബൈക്ക് നിർത്തി അഭ്യാസം കാണിക്കുന്നുമുണ്ട്. റോഡിലെ മറ്റ് വാഹനങ്ങളുടെ ഡോറും ഇയാൾ സമാന രീതിയിൽ തുറക്കുന്നതും ദൃശ്യങ്ങളിലുണ്ട്.

അതേസമയം, യുവാവ് സഞ്ചരിച്ച ബൈക്കിന് നമ്പർ പ്ലേറ്റും ഉണ്ടായിരുന്നില്ല. ഇത് തുടക്കത്തിൽ പോലീസിനെ ഏറെ കുഴക്കി. തുടർന്ന് ഇയാളെ കണ്ടെത്താനായി പ്രത്യേക അന്വേഷണസംഘം രൂപവത്കരിച്ചു. സമീപ പ്രദേശങ്ങളിലെ സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കുകയും ബൈക്ക് യാത്രികനെ തിരിച്ചറിയുന്നതിനായി വൈറലായ വീഡിയോയുടെ ഓരോ ഫ്രെയിമും വിശദമായി നിരീക്ഷിക്കുകയും ചെയ്തു.

അന്വേഷണത്തിനൊടുവിൽ പ്രതിയായ യുവാവിനെയും കുറ്റകൃത്യത്തിന് ഉപയോഗിച്ച ബൈക്കും പോലീസ് കണ്ടെത്തി. മുൻപും ഇയാൾ സമാനമായ സംഭവങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് കണ്ടെത്താൻ കൂടുതൽ അന്വേഷണം നടക്കുന്നുണ്ടെന്ന് പോലീസ് ഉദ്യോഗസ്ഥർ അറിയിച്ചു.

വി. കരുണാകരൻ നമ്പ്യാർ 45-ാം ചരമവാർഷികമാചരിച്ചു

തൃശൂർ: സാഹിത്യ അക്കാദമി സ്വമ്തിമണ്ഡപത്തിൽ സഹൃദയവേദി നടത്തിയ പ്രമുഖ പത്ര പ്രവർത്തകൻ വി. കരുണാകരൻ നമ്പ്യാരുടെ 45-ാം ചരമവാർഷികാചരണം ടി.വി. ചന്ദ്രമോഹൻ ഉദ്ഘാടനം ചെയ്തു.

സഹൃദയവേദി വൈസ് പ്രസിഡന്റും ചരിത്രകാരനുമായ ഡോ. ജോർജ്ജ് മേനാച്ചേരി അദ്ധ്യക്ഷത വഹിച്ചു. 'ഒരു വ്യക്തിയുടെ വളർച്ചയിലും ലക്ഷ്യത്തിലും പല മഹത്വ്യക്തികളുടേയും സ്വാധീനവും പ്രോത്സാഹനവും അറിഞ്ഞും അറിയാതെയും ഉണ്ടാകുമെന്നും അത്തരത്തിൽ ആയിരക്കണക്കിന് വ്യക്തികളെ മഹത്വ്യക്തികളാക്കി മാറ്റാൻ സഹായിച്ച ഒരു അതുല്യപ്ര തിഭകൂടിയായിരുന്നു പ്രമുഖ പത്രപ്രവർത്തകൻ വി. കരുണാകരൻ നമ്പ്യാരെ'ന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അലക് സാണ്ടർ സാം, ജോൺ കള്ളിയത്ത്, ഡേവീസ് കണ്ണനായ്ക്കൽ, നോവലിസ്റ്റ് കെ. രഘു നാഥൻ, സി.എ. കൃഷ്ണൻ, പ്രൊഫ. വി.എ. വർഗ്ഗീസ്, ബേബി മൂക്കൻ, രവി പുഷ്പഗിരി, നന്ദകുമാർ ആലത്ത്, പി.എൽ. ജോസ് എന്നിവർ പ്രസംഗിച്ചു.

വി. കരുണാകരൻ നമ്പ്യാരുടെ ജീവിതവുമായി ബന്ധപ്പെട്ട വ്യക്തികളുടെ സ്മരണകൾ ഉൾപ്പെ ടുത്തി ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് യോഗം തീരുമാനിച്ചു.

പരിപാടികൾക്ക് സെബി ഇരിമ്പൻ, ജോൺസൻ കാഞ്ഞിരത്തിങ്കൽ, എം.ആർ. വിജയൻ, എം, ജെ. ജോയ്, സി.ജെ. ത്രേസ്യ തുടങ്ങിയവർ നേതൃത്വം നൽകി. നമ്പ്യാരുടെ ചിത്രത്തിൽ പുഷ്പാർച്ചനയും ഉണ്ടായിരുന്നു.

കേഡറ്റുകളുടെ കേപ്പിംഗ് സെറിമണി

മങ്ങാട് : വെസ്റ്റ് മങ്ങാട് സെന്റ് ജോസഫ്സ് & സെന്റ് സിറിൽസ് ഹയർസെക്കൻഡറി സ്കൂളിലെ ജൂനിയർ റെഡ് ക്രോസ് കേഡറ്റുകളുടെ കേപ്പിംഗ് സെറിമണി നടന്നു.

വിദ്യാലയത്തിൽ നടന്ന ചടങ്ങിൽ പ്രധാനാധ്യാപിക ജെൻസി കെ എസ് കേഡറ്റുകളെ സ്ഥാന ചിഹ്നങ്ങൾ അണിയിച്ചു. യൂണിറ്റ് ലീഡർ കാർത്തിക എം.ബി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിലായി 50 കേഡറ്റുകളാണ് പുതുതായി ജൂനിയർ റെഡ് ക്രോസിൽ അംഗങ്ങളായത്. യൂണിറ്റ് കൗൺസിലർമാരായ അമ്പിളി പീറ്റർ, ജിൻസി പി ജെ, ജിംഷ ഇട്ടൂപ്പ്, ജിജി തമ്പി എന്നിവർ ആശംസകൾ നേർന്നു.

സീനിയർ കേഡറ്റുകളായ നിവേദ്യകൃഷ്ണ, ഏയ്ഞ്ചൽ റോസ്, അമേയ കെ പി, ജിനോ സി ജയ്സൺ, എന്നിവർ നേതൃത്വം നല്കി.

കലാജാഥയ്ക്ക് സ്വീകരണം നൽകി

ഇരിങ്ങാലക്കുട: കെ.പി.സി.സി. സംസ്കാരസാഹിതിയുടെ കലാജാഥയ്ക്ക് നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട ബസ് സ്റ്റാൻഡ് പരിസരത്ത് സ്വീകരണം നൽകി. ഇടതു സർക്കാരിന്റെ ദുർഭരണത്തിനെതിരെ സാഹിതിയുടെ സംസ്ഥാന നേതൃത്വം തയ്യാറാക്കിയ കള്ളനും കപ്പിത്താനും എന്ന ആക്ഷേപഹാസ നാടകം ചെയർമാൻ അരുൺ ഗാന്ധിഗ്രാം അധ്യക്ഷത വഹിച്ച സ്വീകരണ സമ്മേളനത്തിൽ നഗരസഭാ മുൻ അധ്യക്ഷ സുജ സഞ്ജീവ് കുമാർ ഉദ്ഘാടനം ചെയ്തു. കവി സുഭാഷ് പോണോളി കവിത അവതരിപ്പിച്ചു. കോൺഗ്രസ് ബ്ലോക്ക് പ്രസിഡൻറ് സോമൻ ചിറ്റേത്ത്, മണ്ഡലം പ്രസിഡൻറ് സി.എസ്. അബ്ദുൾഹഖ്, കെ.എസ്.എസ്.പി.എ. നിയോജക മണ്ഡലം സെക്രട്ടറി വി.കെ.മണി, സാഹിതി മണ്ഡലം പ്രസിഡൻറ് ജോൺ നിതിൻ തോമസ്, നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ഭരത് കുമാർ പൊന്തേങ്കണ്ടത്ത്, ട്രഷറർ എ.സി. സുരേഷ് , ബിജു പോൾ അക്കരക്കാരൻ, ടി.ജി. പ്രസന്നൻ എന്നിവർ പ്രസംഗിച്ചു.

കോടതിപരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

IA. 7/2025
O.S. 771 /2020

മുകുന്ദപുരം താലൂക്ക് തൊട്ടിപ്പാൾ വില്ലേജ് മുളങ്ങ്ദേശത്ത് എടത്താൻ ഭായിഷൻ മകൻ 36 വയസ്സ് ബിസിനസ്സ് അർജ്ജുൻ

-ഹർജിക്കാരൻ/

ഒന്നാം പ്രതി മുകുന്ദപുരം താലൂക്ക് വേളൂക്കര വില്ലേജ് നടവരമ്പ്ദേശത്ത് മണപ്പുള്ളി വിജയ് ഭാര്യ 60 വയസ്സ് ഷീബ വിജയ്

-എതിർകക്ഷി/ വാദി

നിങ്ങൾ എതിർകക്ഷിയായിട്ടുള്ള മേൽ നമ്പർ കേസ്സ് **18-03-2026** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം നിങ്ങൾ നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ രാവിലെ 11 മണിക്ക് ബഹു.കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നമ്പർ കേസ്സിൽ നിങ്ങളെ എക്സ്പാർട്ടിയാക്കി ഉത്തരവുണ്ടാകുന്നതാണെന്ന സംഗതി ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്,18-02-2026

ഹർജിഭാഗം അഡ്വക്കെറ്റ്:
പി.വി. ഗോപകുമാർ (ഒപ്പ്)
ഇരിങ്ങാലക്കുട

കോടതിപരസ്യം

ബഹു. തൃശ്ശൂർ കുടുംബ കോടതി മുമ്പാകെ

GOP. 1521/2024

അഞ്ജു രാജേഷ്

-ഹരജിക്കാരി

അതുല്യ അശോക്, D/o മരിച്ച അശോക്. പി. എസ്. തോട്ടുങ്ങൽ ഹൗസ്, നൂറണി, പി. ഒ. നൂറണി വില്ലേജ്. പാലക്കാട് ജില്ല

-1-ാം എത്യകക്ഷി

മേൽ നമ്പറിൽ ഹർജിക്കാരിയുടെ സഹോദരൻ മരിച്ച അഭിൻ ബാലചന്ദ്രൻ എന്നവരുടെ മകനായ മൈനർ കുട്ടിയുടെ സ്ഥിരം സംരക്ഷണാവകാശം ഹർജിക്കാരിക്കു ലഭിക്കുന്നതിനു ബോധിപ്പിച്ച മേൽ നമ്പർ കേസ്സിൽ 1-ാം എത്യകക്ഷിക്കുള്ള നോട്ടീസ് പതിച്ചു നടത്തുന്നതിന് കൽപ്പിച്ച് **28-03-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ഹർജിക്കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസ്സിൽ തീർപ്പു കൽപ്പിക്കുന്നതുമാണ് എന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 11-02-2026

ഹർജിഭാഗം അഡ്വക്കെറ്റ്:
കെ. എൻ. അഭിലാഷ്
(ഒപ്പ്)

പി എച്ച് ഡി ഒഴിവ്

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് (ഓട്ടോണമസ്) കോളേജിൽ ഇംഗ്ലീഷ് വിഭാഗം ഫുൾ ടൈം കാറ്റഗറിയിൽ ജെ ആർ എഫ് യോഗ്യതയുള്ളവർക്ക് ഒരു ഒഴിവ് നിലവിലുണ്ട്. താൽപര്യമുള്ള വിദ്യാർത്ഥികൾ താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക.

അഡ്വ.ഏ.ഡി.ബെന്നിക്ക് വിശ്വമുദ്ര പുരസ്കാരം സമർപ്പിച്ചു

തൃശൂർ: വേറിട്ട മേഖലകളിലെ മികവാർന്ന പ്രവർത്തനങ്ങളെ മാനിച്ച് അഡ്വ.ഏ.ഡി. ബെന്നിക്ക് വിശ്വമുദ്ര പുരസ്കാരം സമർപ്പിച്ചു. കൺസ്യൂമർ പ്രൊട്ടക്ഷൻ കേരളയും ആർ.ടി.ഐ.കൗൺസിലും സംയുക്തമായി ചിറ്റൂർ നെഹ്രു ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ഉപഭോക്തൃ കുടുംബ സംഗമത്തിൽ വെച്ചാണ് സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി അഡ്വ.ഏ.ഡി.ബെന്നിക്ക് പുരസ്കാരം നൽകി ആദരിച്ചത്. ഉപഭോക്തൃ കേസുകൾ നടത്തി റെക്കോഡിട്ടിട്ടുള്ള ബെന്നി വക്കീൽ ഉപഭോക്തൃ വിദ്യാഭ്യാസ രംഗത്ത് സജീവമായി ഇടപെട്ടു വരുന്നു.സാംസ്കാരിക രംഗത്തും ജീവകാരുണ്യരംഗത്തും ബെന്നി വക്കീൽ സജീവമാണ്. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപക സെക്രട്ടറിയും ഇപ്പോഴത്തെ ഡയറക്ടറുമാണ്. ആയിരത്തിലധികം ലേഖനങ്ങളും വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി ആയിരത്തിലധികം വീഡിയോകളും ബെന്നി വക്കീലിന്റേതായി പ്രസിദ്ധീകൃതമായിട്ടുണ്ട്. വൃക്കരോഗികൾക്ക് വേണ്ടി പ്രവർത്തിച്ചു വരവെ വൃക്കരോഗം ബാധിച്ച് വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തി ജീവിതത്തിലേക്ക് തിരിച്ചു വന്ന ബെന്നി വക്കീലിന്റെ ജീവചരിത്ര ഗ്രന്ഥം പത്മവ്യൂഹം ഭേദിച്ച് പ്രചോദനാത്മകമാണ്. സംസ്ഥാന വൈദുതി വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി ചടങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കെ.എസ്. ഇ.ബി.ഡയറക്ടർ വി.മുരുകദാസ് മുഖ്യ പ്രഭാഷണം നടത്തി. കൊച്ചി കോർപ്പറേഷൻ മുൻ ഡെപ്യൂട്ടി മേയറും കെ ഇ പി ഐ പി ചെയർമാനുമായ സാബു ജോർജ്, കൺസ്യൂമർ പ്രൊട്ടക്ഷൻ കേരള പ്രസിഡന്റ് പ്രിൻസ് തെക്കൻ, ജോസഫ് വർഗ്ഗീസ് വെളിയത്ത്, ദീപ മേനോൻ, ആൻ മാളിയേക്കൽ എന്നിവർ പ്രസംഗിച്ചു.

മദ്രാസ് ഐഐടിയുമായി ചേർന്ന് മണപ്പുറം ഗീത രവി പബ്ലിക് സ്കൂളിൽ ഇന്നൊവേഷൻ സെന്റർ

വലപ്പാട്: കേരളത്തിലെ വിദ്യാഭ്യാസ മേഖയിൽ പുതിയ ചരിത്രം കുറിച്ചുകൊണ്ട്, മദ്രാസ് ഐഐടിയുമായിച്ചേർന്നു മണപ്പുറം ഗീതാ രവി പബ്ലിക് സ്കൂളിൽ ഇന്നൊവേഷൻ സെന്റർ വരുന്നു. മദ്രാസ് ഐഐ ടിയുമായി ബന്ധപ്പെട്ട ഇൻക്യൂബേറ്റഡ് സ്ഥാപനമായ ക്യു വിങ്സുമായി ചേർന്നാണ് സ്കൂളിൽ അത്യാധുനിക ഇന്നൊവേഷൻ ആന്റ് സ്റ്റെം സെന്റർ ആരംഭിക്കുന്നത്.

2026 ഏപ്രിൽ മുതൽ ആരംഭിക്കുന്ന പരിശീലന പരിപാടിയിലൂടെ വിദ്യാർത്ഥികൾക്ക് ആധുനിക സ്റ്റെം വിദ്യാഭ്യാസം, ഗവേഷണപരമായ പഠനം, സംരംഭകത്വ പരിശീലനം എന്നിവയിൽ അറിവ് ലഭിക്കും. ഇതിലൂടെ വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനം യഥാർത്ഥ ജീവിത പ്രശ്നങ്ങളുമായി ബന്ധിപ്പിച്ച്, ഗവേഷണ ചിന്തയും സൃഷ്ടിപരമായ കഴിവുകളും വളർത്താൻ അവസരം ലഭിക്കും. ഭാവിയിലെ ശാസ്ത്രജ്ഞർ, എഞ്ചിനീയർമാർ, സംരംഭകർ എന്നിവരെ രൂപപ്പെടുത്തുകയാണ് മുഖ്യലക്ഷ്യമെന്ന് മണപ്പുറം ഫൗണ്ടേഷൻ മാനേജിങ